**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊല്ലം ജില്ലയിലെ മേലില ഗ്രാമപഞ്ചായത്തിന്റെ 2010 -11 വർഷത്തെ സംസ്ഥാന ഓഡിറ്റ് വകുപ്പ് റിപ്പോർട്ടിലെ ഖണ്ഡിക 3.6 പ്രകാരം തടസ്സപ്പെടുത്തിയ 10,128/- രൂപയ്ക്ക് (പതിനായിരത്തി ഒരുന്നൂറ്റി ഇരുപത്തി എട്ട് രൂപ മാത്രം) സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്**

**സ.ഉ (സാധാ)നം. 1496/19/തസ്വഭവ. തിരുവനന്തപുരം, തീയതി: 17/07/2019**

---

**പരാമർശം:-** 1) പഞ്ചായത്ത് ഡയറക്ടറുടെ 13/08/2018 ലെ പി എ എൻ/20759/2018-എം 3 (ഡി പി) നമ്പർ കത്ത്.

2) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ 29/05/2019-ലെ ഡി. കെ.എസ്.എ/ 1320/2018/പി റ്റി 1 നമ്പർ കത്ത്.

**ഉത്തരവ്**

കൊല്ലം ജില്ലയിലെ മേലില ഗ്രാമപഞ്ചായത്തിന്റെ 2010 -11 വർഷത്തെ സംസ്ഥാന ഓഡിറ്റ് വകുപ്പ് റിപ്പോർട്ടിലെ ഖണ്ഡിക 3.6 പ്രകാരം അംഗനവാടികളിൽ ഭക്ഷണ സാധനങ്ങൾ എത്തിച്ചതിന് ട്രാൻസ്പോർട്ടേഷൻ ചാർജ്ജായി സർക്കാർ ഉത്തരവിനു വിരുദ്ധമായി അധികമായി ചെലവഴിച്ച 10,128/- രൂപയ്ക്ക് തടസ്സവാദം ഉന്നയിച്ചിരുന്നു. സ.ഉ.(ആർ.റ്റി.) 833/11/ത സ്വ ഭ വ പ്രകാരം കിലോഗ്രാമിന് 50 പൈസ നിരക്കിലാണ് കടത്തു കൂലി അനുവദനീയമായിട്ടുള്ളത്. അതല്ലെങ്കിൽ ക്വട്ടേഷൻ ക്ഷണിച്ച് കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ആളുടെ ക്വട്ടേഷന് ഭരണ സമിതിയുടെ അംഗീകാരം നേടി തുക ചെലവഴിക്കാവുന്നതാണ്. എന്നാൽ മേലില ഗ്രാമപഞ്ചായത്ത് അത്തരം നടപടികൾ ഒന്നും സ്വീകരിക്കാതെ തുക ചെലവഴിച്ചതിനാണ് ഓഡിറ്റിൽ ടി തുക തടസ്സപ്പെടുത്തിയത്. എന്നാൽ ട്രാൻസ്പോർട്ടേഷൻ ചാർജ്ജും കയറ്റിറക്ക് കൂലിയും നാൾക്കുനാൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിലും അങ്കണവാടികളെല്ലാം റോഡരികിൽ അല്ലാത്തതിനാലും ഭക്ഷ്യധാന്യം വണ്ടിയിൽ നിന്ന് ഇറക്കിയതിനു ശേഷം തലച്ചുമടായി കൊണ്ട് പോകേണ്ടതുള്ളതിനാലും ക്വട്ടേഷൻ ക്ഷണിച്ചിരുന്നുവെങ്കിലും കിലോഗ്രാമിന് 50 പൈസ എന്ന നിരക്കിൽ ഏറ്റെടുക്കുവാൻ ആരും തയ്യാറായിരുന്നില്ല. ഈ സാഹചര്യത്തിൽ ഫീഡിംഗ് മുടങ്ങാതിരിക്കാനാണ് അധിക കടത്ത് കൂലി നൽകിയതെന്ന് പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. ഓഡിറ്റ് തടസ്സപ്പെടുത്തിയ തുകയ്ക്ക് സർക്കാർ സാധൂകരണം നൽകണമെന്ന് ഗ്രാമപഞ്ചായത്ത് അഭ്യർത്ഥിച്ചിട്ടുള്ളതായി പഞ്ചായത്ത് ഡയറക്ടർ പരാമർശം (1) പ്രകാരം അറിയിച്ചിട്ടുണ്ട്.

2. ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 22/11/2017 ലെ 16(2) -ാം നമ്പർ തീരുമാനം, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ 13/06/2018 ലെ 13-ാം നമ്പർ തീരുമാനം

എന്നിവയുടെ അടിസ്ഥാനത്തിൽ 10,128/- രൂപയ്ക്ക് സാധൂകരണം നൽകുന്ന വിഷയത്തിൽ വകുപ്പിന് എതിരഭിപ്രായം ഇല്ലെന്നും സർക്കാരിന് ഉചിതമായ തീരുമാനം എടുക്കാവുന്നതാണെന്നും പരാമർശം (2) പ്രകാരം ആഡിറ്റ് വകുപ്പ് ഡയറക്ടറും അറിയിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം, ജില്ലാതല മോണിറ്ററിംഗ് സമിതിയുടെ തീരുമാനം, പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശ, ആഡിറ്റ് വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിലെ മേലില ഗ്രാമപഞ്ചായത്തിന്റെ 2010 -11 വർഷത്തെ സംസ്ഥാന ഓഡിറ്റ് വകുപ്പ് റിപ്പോർട്ടിലെ ഖണ്ഡിക 3.6 പ്രകാരം തടസ്സപ്പെടുത്തിയ 10,128/- രൂപയ്ക്ക് (പതിനായിരത്തി ഒരുന്നൂറ്റി ഇരുപത്തി എട്ട് രൂപ മാത്രം) സാധൂകരണം നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
**ജെയ്സി പോൾ**
**അണ്ടർ സെക്രട്ടറി**

സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം
സെക്രട്ടറി, മേലില ഗ്രാമ പഞ്ചായത്ത്, കൊല്ലം
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ്
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**